# EAM's Visit to Bahrain, UAE and Seychelles (November 24-29, 2020)

November 23, 2020

---

## വിദേശകാര്യമന്ത്രിയുടെ ബഹ്റൈൻ, യു എ ഇ, സീഷെൽസ് എന്നിവിടങ്ങളിലേക്കുള്ള സന്ദർശനം (നവംബർ 24-29, 2020)

നവംബർ 23, 2020

2020 നവംബര് 24 മുതൽ 29 വരെ വിദേശകാര്യമന്ത്രി ഡോ. എസ്.ജയശങ്കർ ബഹ്റൈൻ, യു എ ഇ കൂടാതെ സീഷെൽസ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തും. സന്ദർശനത്തിനിടയിൽ അദ്ദേഹം ഈ രാജ്യങ്ങളിലെ ഉന്നത നേതൃത്വങ്ങളെ സന്ദർശിക്കുകയും ചെയ്യുന്നതായിരിക്കും.

വിദേശകാര്യാമന്ത്രിയെന്ന നിലവിൽ ബഹ്റൈനിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമായിരിക്കും നവംബർ 24-25 തിയ്യതികളിൽ നടക്കുന്നത്. നവംബർ 11 നു നിര്യാതനായ ബഹ്റൈൻ പ്രധനമന്ത്രിയായിരുന്ന രാജകുമാരൻ ഖലീഫ ബിൻ സൽമാൻ അൽ ഖലീഫയുടെ വിയോഗത്തിൽ ഇന്ത്യൻ ഭരണകൂടത്തിന്റെയും ജനതയുടെയും പേരിൽ ബഹ്റൈൻ നേതൃത്വത്തിൽ അദ്ദേഹം വ്യക്തിഗതമായി അനുശോചനങ്ങൾ അറിയിക്കുന്നതായിരിക്കും.

പരസ്പരം ഇരു രാജ്യങ്ങൾക്കും തപര്യമുള്ള പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങളിലും ഉഭയകക്ഷി വിഷയങ്ങളിലും അദ്ദേഹം ചർച്ചകൾ നടത്തും. ബഹ്റൈനിൽ ഏകദേശം 350,000 ത്തിൽ അധികം ഇന്ത്യയ്ക്കാനുള്ളത് കൂടാതെ കോവിഡ് -19 പകർച്ചവ്യാധിയെ നേരിടുന്നതിന് ഇരു രാജ്യങ്ങളിലും ഒരുമിച്ച് പ്രവർത്തിച്ചിരുന്നു. ഇരു രാജ്യങ്ങൾക്കും ഇടയിലുള്ള വിമാനങ്ങൾ എയർ ബബിൾ സംവിധാനത്തിന് കീഴിൽ സജ്ജമാക്കിയിരുന്നു.

വിദേശകാര്യമന്ത്രിയുടെ യു എ ഇ സന്ദർശനം നവംബർ 25 -26 തിയ്യതികളിലായിരിക്കും. നവംബർ 26 നാണ് യു എ ഇ വിദേശകാര്യമന്ത്രി ഷെയ്ഖ് അബ്ദുല്ലാഹ് ബിൻ സയ്യിദ് അൽ നഹ്യാനെ സന്ദർശിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളത്. സമഗ്രമായ നയതന്ത്ര പങ്കാളിത്തത്തിനു കീഴിൽ ഇരു നേതാക്കളും ഇന്ത്യയും യു എ ഇ യും തമ്മിലുള്ള സഹകരണം മുന്നോട്ടുകൊണ്ടു പോകുകയും വിവിധ പ്രാദേശിക അന്തർദേശീയ പ്രശനങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയും ചെയ്യുന്നതാണ്.പോസ്റ്റ് കോവൈ സാഹചര്യത്തിൽ ഇന്ത്യൻ തൊളിലാളികൾക്ക് തങ്ങളുടെ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനുള്ള സാദ്ധ്യതകളും വിദേശകാര്യമന്തി ചർച്ച ചെയ്തു. 3 മില്യണുകളിൽ അധികം ഇന്ത്യക്കാർ യു എ ഇ യിൽ ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നുണ്ട്.

വിഡ് -19 പകർച്ചവ്യാധിയുടെ  സാഹചര്യത്തിൽ ഇന്ത്യയും യു എ ഇ യും തമ്മിൽ ഉന്നതതല നിലയിലുള്ള സമ്പർക്കങ്ങൾ പുലർത്തിയിരുന്നു.പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി അബുദാബി കിരീടാവകാശിയായ ഷെയ്ഖ് മൊഹമ്മദ് ബിൻ സയ്യിദ് അൽ നഹ്യാനുമായി പാർച്ചവ്യാധി സമയത്ത് ചർച്ച നടത്തിയിരുന്നു. കഴിഞ്ഞ മാസങ്ങളിൽ നിരവധി തവണ വിദേശകാര്യമന്ത്രി യു എ ഇ വിദേശകാര്യമന്ത്രിയുമായും ചർച്ച നടത്തിയിരുന്നു. കൂടാതെ 2020 സെപ്റ്റംബറിൽ നടത്തിയ ഇന്ത്യ യു എ ഇ ജോയിന്റ് കംമീഷൻ മീറ്റിങ് ഇവർ

സംയുക്തമായി അധ്യക്ഷത വഹിച്ചിരുന്നു.ഹൈ ലെവൽ ടാസ്ക് ഫോഴ്സ് ഓൺ ഇൻവെസ്റ്റ്മെന്റ്സിന്റെ (HLTFI) സമ്മേളനത്തിൽ നവംബറിൽ ആദ്യം, വ്യപാരവ്യവസായ & റെയിൽവേ വകുപ്പ് മന്ത്രിയും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി ചെയർമാനും (ADIA) സംയുക്തമായി അധ്യക്ഷ വഹിച്ചിരുന്നു.

ഈ സന്ദർശന യാത്രയുടെ അവസാനഘട്ടത്തിൽ, 2020 നവംബർ 27 -28 തിയ്യതികളിൽ വിദേശകാര്യമന്ത്രി സീഷെൽസിലേക്ക് എത്തുന്നതായിരിക്കും. സീഷെൽസിലെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ശ്രീ. വാവേൽ റംകലവനെ പ്രധാനമന്ത്രി നരേന്ദ്രമോഡിയിൽ നിന്നുള്ള ആശംസകൾ അറിയിക്കാനും പുതിയ ഭരണകൂടത്തിന്റെ മുൻഗണനകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും ഇന്ത്യ-സീഷെൽസ് ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി വിദേശകാര്യാമന്ത്രി സന്ദർശിക്കുന്നതായിരിക്കും.പുതുതായി നിയമിക്കപ്പെട്ട വിദേശകാര്യ, വിനോദസഞ്ചാര വകുപ്പ് മന്ത്രി ശ്രീ സിൽവേസ്ട്രേ റേഡിഗോണ്ടയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തുന്നതായിരിക്കും.

**ന്യൂ ഡൽഹി**

**23 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.